# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 479** **01/07/2013 -ൽ മറുപടിക്ക്**

### യുവജന പങ്കാളിത്തം ഉറപ്പാക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. ഹൈബി ഈഡൻ** | **കുമാരി. പി.കെ. ജയലക്ഷ്മി<br>(ബഹു: പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാനത്ത് കേരളോത്സവത്തിൽ വർദ്ധിച്ച . യുവജന പങ്കാളിത്തം ഉറപ്പാക്കാൻ പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) വർദ്ധിച്ച യുവജന പങ്കാളിത്തം കേരളോത്സവത്തിൽ ഉറപ്പാക്കാൻ കൂടുതൽ മത്സരഇനങ്ങൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള യൂത്ത് ക്ലബ്ബുകൾ വഴിയും മത്സര ഷെഡ്യൂളുകൾ പത്രങ്ങളിലൂടെ പ്രചരിപ്പിച്ചും കൂടുതൽ യുവജന പങ്കാളിത്തം ഉറപ്പാക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) ഏതെല്ലാം സംഘങ്ങളെയാണ് ഇതുമായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നത്, വിശദമാക്കുമോ; | (ബി) കേരളത്തിൽ അധികം പ്രചാരത്തിലില്ലാത്ത കഥക്, മണിപ്പൂരി, ഒഡിസ്സി, സിത്താർ എന്നി ഇനങ്ങളും വീണ, വായ്പ്പാട്ട് എന്നിവക്ക് ജില്ലാതലത്തിൽ നേരിട്ട് എൻട്രികൾ ക്ഷണിച്ച് മത്സരം നടത്താൻ ഉദ്ദേശിക്കുന്നു. കൂടാതെ കായിക വിഭാഗത്തിൽ ബാസ്കറ്റ് ബോൾ മത്സരം പുരുഷൻമാർക്കും വനിതകൾക്കും നടത്തുന്നതിനും കലാമത്സര വിഭാഗത്തിൽ വനിതകൾക്കായി സംഘനൃത്തം, പുരുഷൻമാർക്കായി ദഫ്മുട്ട് എന്നീ ഇനങ്ങളും ഈവർഷം മുതൽ |

| | |
|---|---|
| | കേരളോത്സവത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. |
| (സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (സി) കേരളോത്സവം 2013 -ന്റെ മാനുവലിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്ന നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ